**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **05-12-2022 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്, നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്നു ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും, ആയത് പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാംഘട്ടമായി പരിഗണിക്കേണ്ടുന്ന വെള്ളരിക്കുണ്ട് ഉൾപ്പെടെയുള്ള പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് വിശദമായ ശുപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |
| (ബി) | എക്സൈസ് റേഞ്ച് ഓഫീസ് ഇല്ലാത്ത താലൂക്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. എക്സൈസ് വകുപ്പിന് കീഴിൽ വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ മാത്രമാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ നിലവിലില്ലാത്തത്. |

സെക്ഷൻ ഓഫീസർ